# ജാമക്കാരൻ
# JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE -2

FEBRUARY- 2020 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

കർത്താവിൽ പ്രിയ ജാമക്കാരൻ വായനക്കാർക്ക്,



യേശുക്രിസ്തുവിന്റെ സമാധാനം നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകുമാറാകട്ടെ. കഴിഞ്ഞ ചില മാസങ്ങളായി ജാമക്കാരനിൽ എഴുതിവന്ന അന്യഭാഷയെക്കുറിച്ചുള്ള വിവരങ്ങൾ അനേകായിരം വിശ്വാസികൾക്കും പാസ്റ്റർമാർക്കും മറ്റുള്ള ദൈവവേലക്കാർക്കും വളരെ പ്രയോജനകരമായിരുന്നതായി എഴുതി അറിയിച്ചിരുന്നു. ഇതുവരെ ഏതു പുസ്തകത്തിലും എഴുതിയിട്ടില്ലാത്ത പുതിയ വിഷയങ്ങളെ ഉദാഹരണം മൂലമായി വ്യാഖ്യാനിച്ചത്. ഞങ്ങൾക്ക് വളരെ വ്യക്തമായി മനസ്സിലാക്കാൻ സഹായമായി. ഞങ്ങൾക്കുണ്ടായ എല്ലാ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു. വളരെ നന്ദി! കർത്താവ് നിങ്ങൾക്ക് തന്ന വേദപുസ്തക ജ്ഞാനത്തിനുവേണ്ടിയും ഞങ്ങൾ വേദപുസ്തകത്തെ ആഴമായി മനസ്സിലാക്കാനും, ശരിയായ ഉപദേശത്തിൽ വഴി നടത്തപ്പെടാനും കർത്താവ് ഞങ്ങൾക്ക് ഏല്പിച്ച ജാമക്കാരന് (കാവൽക്കാരന്) വേണ്ടി ദൈവത്തെ സ്തുതിക്കുന്നു. ഇങ്ങനെ പലർ എനിക്ക് എഴുതിയ കത്തുകളുടെ ചുരുക്കമാണ് ഇപ്പോൾ ഞാൻ എഴുതിയത്.

ഇനിയും പരിശുദ്ധാത്മാവിനെക്കുറിച്ചും അന്യഭാഷയെക്കുറിച്ചും ധാരാളമായ ചോദ്യങ്ങൾ കത്തുകൾ വഴിയായി എനിയ്ക്ക് വന്നു ചേർന്നിരിക്കുന്നു. ഇനിവരും കാലങ്ങളിൽ നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും മാസികവഴി മറുപടി എഴുതാമെന്നു കർത്താവിൽ വിശ്വസിക്കുന്നു.

ഈ ജാമക്കാരൻ മാസിക നിങ്ങളുടെ കൈയ്യിൽ കിട്ടുമ്പോൾ മലേഷ്യ, തായ്ലന്റ് എന്നീ രാജ്യങ്ങളിൽ ഞാൻ ദൈവവേല ചെയ്തുകൊണ്ടിരിക്കും. ഇനി വരുന്ന മാസങ്ങളിൽ പതിവുപോലെ ജാമക്കാരനിൽ ചോദ്യോത്തരഭാഗവും, ആത്മീയ പ്രസംഗങ്ങളും, ബൈബിൾ പഠനവാർത്തകളും എഴുതും എന്നു വിശ്വസിക്കുന്നു.

- ☐ യഥാർത്ഥ ക്രിസ്ത്യാനിക്ക് എല്ലാ ദിവസവും ക്രിസ്തുമസ് എന്നും അവർക്ക് ആഘോഷങ്ങളില്ല എന്നും താങ്കൾ 1-ാം പേജിൽ എഴുതി യിട്ടുണ്ട് ജാമക്കാരന്റെ പുറം പേജിൽ ക്രിസ്തുമസ് പുതുവത്സര ആശംസകൾ എന്ന് എഴുതിയത് വിരോധാഭാസമായി തോന്നുന്നില്ലെ എന്ന് എഴുതി ചോദിച്ചിരിക്കുന്നു. ആശംസകൾ പറയുന്നതുവേറെ, ആഘോഷിക്കുന്നതു വേറെ!
- ☐ നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അറിയിച്ചുകൊണ്ടുള്ള കത്തുകളെല്ലാം ലഭിച്ചു. അതിനെല്ലാം പ്രാർത്ഥിച്ചു. തുടർന്നും പ്രാർത്ഥിക്കും.
- ☐ നിങ്ങൾ അയച്ച കാണിക്കയും കിട്ടി വളരെ നന്ദി! കർത്താവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ എപ്പോഴും നിറഞ്ഞിരിക്കു മാറാകട്ടെ.

## ഈ മാസത്തെ ചിന്താവിഷയം

പത്രോസ് യേശുവിനെ നോക്കി : ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചല്ലോ **ഞങ്ങൾക്ക് എന്തു കിട്ടും?** (മത്തായി 19 : 27)

ഞങ്ങൾക്ക് എന്ത് കിട്ടും? എന്ന ചോദ്യം ഇന്ന് ഭൂരിപക്ഷം ആത്മീയ ക്രിസ്ത്യാനികൾ ചോദിക്കുന്ന ചോദ്യമാണ്. നാം യേശുക്രിസ്തുവിനെ ആരാധിക്കുന്നതിനും ക്രിസ്ത്യാനിയായി ജീവിക്കുന്നതിനും ഏതോ ഒന്ന് ദൈവത്തിൽ നിന്നും പ്രതീക്ഷിക്കുന്നു. ഞാൻ വിഗ്രഹത്തെ വിട്ട് യേശുവെ

ദൈവമായി **സ്വീകരിച്ചാൽ ഞങ്ങൾക്ക് എന്തുകിട്ടും?** ഇതു മറ്റു മതസ്ഥർ ചോദിക്കുന്ന ചോദ്യമാണ്! എന്നാൽ യഥാർത്ഥ ക്രിസ്ത്യാനികൾ അങ്ങനെ പ്രതീക്ഷിക്കാമോ?

ഞാൻ മിഷനറിവേലയ്ക്ക് ഇത്ര ലക്ഷം ധനസഹായം ചെയ്തു. ആദിവാസികൾക്ക് പള്ളി പണിതു കൊടുത്തു. പ്രതിഫലമായി ദൈവം **എനിയ്ക്ക് എന്തു തരും?**

ഏതെങ്കിലും ഒന്നിനെ പ്രതീക്ഷിച്ചുകൊണ്ട് ക്രിസ്തുവിനെ ആരാധിക്കുന്നത് **യഥാർത്ഥ ക്രിസ്തീയ ജീവിതമല്ല.** എന്റെ പ്രാർത്ഥനയിലൂടെ ഞാൻ ചോദിക്കുന്നത് എനിയ്ക്ക് കിട്ടിയാൽ മാത്രമേ ഞാൻ മുടങ്ങാതെ **പള്ളിയിൽ വരികയുള്ളൂ.** എന്റെ മകൾക്ക് അല്ലെങ്കിൽ എന്റെ മകന് വിവാഹം നടന്നാൽ **ഇത്ര രൂപ സ്തോത്ര കാഴ്ച** തരുമെന്ന് നേർച്ച നേരുന്ന ക്രിസ്ത്യാനികൾ എത്രയോ പേരുണ്ട്. ഇത് ദൈവത്തിന് കൈക്കൂലി കൊടുക്കുന്നതിനു തുല്യമാണ്. ശദ്രക്, മേശക്, അബേദ് നെഗോ ഇവരെ പോലെ **ദൈവം ഞങ്ങളെ വിടുവിക്കും** – അടുത്തതായി അവർ പറയുന്നത് ശ്രദ്ധിക്കുക : **ദൈവം ഞങ്ങളെ വിടുവിച്ചില്ലെങ്കിലും – ഞങ്ങളെ തീച്ചൂളയിൽ എറിഞ്ഞാലും,** വിഗ്രഹത്തെ സേവിക്കുകയില്ല എന്നു പറയുന്ന **വിശ്വാസമാണ് യഥാർത്ഥവിശ്വാസം. പത്രോസിന്റെ** ശുശ്രൂഷയിലും, **പൗലോസും, ശീലാസും** ചെയ്ത ശുശ്രൂഷയിലും അവരെ അറസ്റ്റ് ചെയ്തവർ അവരെ ജയിലിൽ അടച്ചു. ജയിലിൽ വച്ച് രാത്രി മുഴുവനും അവരെ ഉറങ്ങാൻ സമ്മതിക്കാതെ ചാട്ടകൊണ്ടടിപ്പിച്ച് അവരെ ഉപദ്രവിച്ചു. അവരുടെ കൈയ്യും കാലും ചങ്ങലകൊണ്ട് ബന്ധിച്ചു. ആ വേദന നിറഞ്ഞ സാഹചര്യത്തിലും സ്തോത്രഗാനം പാടാൻ അവർക്ക് രണ്ടു പേർക്കും എങ്ങനെ കഴിഞ്ഞു? അവർ **പിറുപിറുത്തില്ലല്ലോ?** കർത്താവിനോടവർ **കോപിച്ചില്ലല്ലോ?** നിന്റെ മക്കളായ ഞങ്ങൾ നീ പറഞ്ഞിട്ടാണല്ലോ നിന്നെപ്പറ്റി പ്രസംഗിച്ചത്. അങ്ങനെയിരിക്കേ ഞങ്ങളെ അറസ്റ്റ് ചെയ്തപ്പോഴും, ചാട്ടകൊണ്ട് അടിച്ചപ്പോഴും എന്തുകൊണ്ടാണ് ദൈവമേ! **അവരെ നീ തടയാതിരുന്നത്?** എന്ന് അവരാരും ഒരു ചോദ്യവും ചോദിച്ചില്ലല്ലോ! എന്തൊരു വിശ്വാസം!

സ്തോത്രഗാനം പാടികഴിഞ്ഞ ഉടൻതന്നെ **ചങ്ങലകൾ അഴിഞ്ഞു** വീണു. ജയിലിന്റെ പൂട്ട് താനേ തുറന്നു. ഇപ്പോൾ **കാരാഗ്രഹത്തിന്റെ വാതിലും താനേ തുറന്നു.** എന്നാൽ ഇവർ ഇതാണ് തക്ക സമയം എന്നു പറഞ്ഞ് ഓടി രക്ഷപ്പെടാൻ ശ്രമിച്ചില്ലല്ലോ! ചങ്ങല അഴിഞ്ഞു **വീണ സ്ഥലത്തു തന്നെ അവർ ഇരുന്നു.**

**കാരാഗ്രഹ പ്രമാണി** വരുന്നത് വരെ അവർ കാത്തിരുന്നു. ഭരണകൂടത്തിന്റെ **നിയമത്തിന് മര്യാദകൊടുത്ത** അവർ **നല്ല ശിഷ്യൻമാരാണ്.** കാരാഗ്രഹപ്രമാണി വന്നു നോക്കിയപ്പോൾ **താക്കോലില്ലാതെ** പൂട്ടു താനേ തുറന്നു കിടക്കുന്നു! **കാരാഗ്രഹ വാതിലും** മുഴുവനായി തുറന്നു കിടക്കുന്നു.

ഒരു കാരാഗ്രഹപ്രമാണി **കുറ്റവാളിയെ** രക്ഷപ്പെടാൻ അനുവദിച്ചാൽ കർശനമായ ശിക്ഷ ലഭിക്കും. അതുകൊണ്ട് ആ കാരാഗ്രഹപ്രമാണി ഈ സംഭവം വലിയ അപമാനം ഉണ്ടാകും എന്നു കരുതി **ആത്മഹത്യ ചെയ്യാൻ** ശ്രമിച്ചു. ഉടൻ തന്നെ **പൗലോസ്** അവനെതടഞ്ഞു നിർത്തി, ഞങ്ങൾ **ഓടി രക്ഷപ്പെട്ടില്ല** എന്നും നീ **ഭയപ്പെടേണ്ട** എന്നും പറഞ്ഞ് അവനെ **ആശ്വസിപ്പിച്ചു. ചങ്ങല താനേ അഴിഞ്ഞു വീണു. കാരാഗ്രഹവാതിൽ മുഴുവനുമായി തുറന്നു.** ഇത്രയും **ഞങ്ങൾ ആരാധിക്കുന്ന ഞങ്ങളുടെ** ദൈവമായ **യേശുക്രിസ്തു ചെയ്ത അത്ഭുത പ്രവർത്തിയാണെന്ന്** കാരാഗ്രഹ പ്രമാണിയോട് അറിയിച്ചു.

യേശുക്രിസ്തുവാണ് ഞങ്ങളെ കാരാഗ്രഹത്തിൽ അടയ്ക്കാൻ അനുവദിച്ചതെന്നും, കാരാഗ്രഹപ്രമാണി **ചാട്ടകൊണ്ട്** അടിയ്ക്കുമ്പോൾ **വേദനയില്ലാത്ത അത്ഭുതം** ചെയ്യാതെ, **ആ വേദന താങ്ങാനുള്ള ശക്തി** ഞങ്ങൾക്ക് തന്നതും യേശുവാണ് എന്നു പറഞ്ഞു, **ഇതാണ് ഞങ്ങളുടെ ദൈവത്തിന്റെ നടത്തിപ്പ്** എന്നതിനെക്കുറിച്ച് അവർ സാക്ഷിയോടുകൂടെ പ്രമാണിയോടറിയിച്ചു.

അതോടുകൂടെ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി **കാരണമില്ലാതെ അടികൊണ്ടത് എന്തിന്?** എന്ന് ദൈവത്തോട് ചോദിക്കില്ല. ഈ **കഷ്ടപാടുകൊണ്ട് ഞങ്ങൾക്ക് എന്തുകിട്ടും?** എന്നും ഞങ്ങൾ ചോദിക്കില്ല.

നാം ദൈവത്തിന് വേണ്ടി സാക്ഷിയുള്ള ജീവിതം നയിക്കുമ്പോൾ **എന്തുകിട്ടും? എന്ന പ്രതീക്ഷയോടെ ജീവിക്കുന്നത് യഥാർത്ഥ ക്രിസ്തീയ ജീവിതമല്ല.** പ്രതിഫലം ഇച്ഛിക്കാതെ **നഷ്ടത്തെയും, അന്യായത്തെയും, അപമാനത്തെയും** സഹിച്ചു ജീവിക്കുന്നതിൽ **ആനന്ദകരമായ ഒരു സന്തോഷമുണ്ട്.** അതിൽ **എന്ത് കിട്ടും** എന്നു പ്രതീക്ഷിയ്ക്കാതെ ജീവിക്കുമ്പോഴാണ് **ആ ആത്മീയമായ സന്തോഷത്തെ രുചിച്ചറിയാൻ കഴിയുന്നത്.**

ശിഷ്യൻമാരിൽ പ്രധാനിയാണ് പത്രോസ്. അതുകൊണ്ടാണ് സഭ പണിയുവാനുള്ള ഉത്തരവാദിത്വവും സഭ തുറക്കാനുള്ള താക്കോലും കർത്താവ് അവന്റെ കൈയ്യിലേൽപ്പിച്ചത്. സഭയുടെ ഉത്തരവാദിത്വം വഹിച്ച പത്രോസിനെപോലെ ഇന്നും ക്രിസ്തീയ സഭകളുടെ നേതാക്കൾ, ഭാരവാഹികൾ, ബിഷപ്പുമാർ, മോഡറേറ്റർമാർ ഇവരുടെ കൈകളിൽ സഭകളുടെ വലിയ ഉത്തരവാദിത്വം കൊടുക്കപ്പെട്ടിരിക്കുന്നു.

എന്നാൽ ഇവരോ ഒരു പാവപ്പെട്ട കുട്ടിയ്ക്ക് ക്രിസ്തീയ കോളേജിൽ ഒരു സീറ്റു നല്കിയാൽ **ഞങ്ങൾക്ക് എന്ത് കിട്ടും?** എന്നു ചോദിക്കുന്നു. അവർ ആവശ്യപ്പെട്ട തുക കിട്ടിയില്ലെങ്കിൽ ഉയർന്ന മാർക്ക് ഉണ്ടെങ്കിലും സീറ്റു നല്കുന്നില്ല. പ്രൊഫസർ, ലക്ചറർ ഇങ്ങനെയുള്ള ജോലിയ്ക്ക് അവർക്ക് സീനിയോറിറ്റി ഉണ്ടെങ്കിലും, വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിലും, നിങ്ങൾക്ക് ജോലി തന്നാൽ **ഞങ്ങൾക്ക് എന്തുകിട്ടും** എന്നു ചോദിക്കുന്നു.

സ്കൂളുകളിലും, കോളേജുകളിലും ഡയോസിസ് ഭാരവാഹികൾക്ക് കൈക്കൂലി കൊടുത്താൽ മാത്രമേ കാര്യം നടക്കുകയുള്ളൂ. ഒരു സി.എസ്.ഐ. ഡയോസിസിൽ കോളേജ് ലക്ചറർ ജോലിയ്ക്ക് 40 ലക്ഷം ചോദിക്കുന്നു. എന്നാൽ പാവപ്പെട്ട വിശ്വാസികളോ ഒരു ലക്ഷം കടമായി കിട്ടാൻ ആഭരണങ്ങൾ പണയം വെയ്ക്കേണ്ടി വന്നു അതുമാത്രമല്ല അതെങ്ങനെ തിരിച്ചെടുക്കും എന്നു ഞങ്ങൾ ചിന്തിക്കുമ്പോൾ പേടിയാകുന്നു എന്നു ബിഷപ്പിന്റെ അരികിൽ കുടുംബമായി ചെന്ന് കരഞ്ഞു പറഞ്ഞു. എന്നാൽ

ബിഷപ്പ് എനിയ്ക്ക് ഒന്നും ചെയ്യാനില്ല എല്ലാം ഭാരവാഹികളുടെ കൈയ്യിലാണ് എന്നു പറഞ്ഞ് അവരെ തിരിച്ചയച്ചു വീണ്ടും ഡയോസിസ് ഭാരവാഹികളുടെ അടുക്കൽ പോയി താഴ്മയായി അപേക്ഷിച്ചു. എന്നാൽ ഭാരവാഹികൾ അവരോട് പറഞ്ഞത് നീ കോളേജിൽ ചേർന്ന് നിനക്കുകിട്ടുന്ന പ്രൊഫസർ ജോലിയ്ക്ക് മാസം 1.25 ലക്ഷം ചൊളയായി ശമ്പളം കിട്ടുമല്ലോ! 1 വർഷത്തിന് മൊത്തം നിനക്ക് എത്ര കിട്ടുമെന്ന് കണക്കുകൂട്ടിനോക്ക്! വർഷത്തിന് നിനക്ക് കോടികൾ കിട്ടുമല്ലോ അങ്ങനെയിരിക്കെ 40 ലക്ഷം കൊടുക്കാൻ നീ എന്തിനാണ് മടിക്കുന്നത്? എന്നവർ അവളോട് പറഞ്ഞു.

ഇത് നടന്ന സംഭവമാണ്. ഈ പെണ്ണിന് കോളേജിൽ ആ ലക്ചറർ ജോലി കിട്ടിയാൽ കൊടുക്കുന്ന 40 ലക്ഷം കൈക്കൂലിയിൽ ബിഷപ്പ് അവർകൾക്ക് എത്ര പങ്ക് പോയി ചേരും എന്നു അവർ പറഞ്ഞത് ഞാൻ കേട്ടപ്പോൾ ഞെട്ടിപ്പോയി. ഇവർ ക്രിസ്ത്യാനികളാണോ? ഇവർ രാഷ്ട്രീയക്കാരാണോ? ഡയോസിസിനുള്ളിലും അഴിമതി, കൈക്കൂലി ഇങ്ങനെയുള്ള അണുബാധ ബാധിച്ചിരിക്കുന്നു. കോയമ്പത്തൂർ സി.എസ്.ഐ. ഡയോസിസിൽ **റൈറ്റ്. റവ. തങ്കമുത്തു ബിഷപ്പിന്റെ** കാലത്ത് ഇങ്ങനെയുള്ള അഴിമതി പ്രശ്നങ്ങൾ ഉയർന്നിട്ടില്ല. അദ്ദേഹത്തിന്റെ കൈ ശുദ്ധിയുള്ളതായിരുന്നു.

- ☐ അതുപോലെ ദക്ഷിണ കേരള ഡയോസിസ് ബിഷപ്പായും സി.എസ്.ഐ. മോഡറേറ്ററായും ജോലിയ ചെയ്ത **മോസ്റ്റ് റവ. എ. യേശുദാസ് ബിഷപ്പവർകളെ** സി.എസ്.ഐ. യുടെ 24 ഡയോസിസുകളിലും, അദ്ദേഹം മരിക്കുന്നതുവരെ വളരെ അധികം ബഹുമാനിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം തന്റെ കുടുംബവീട് സി.എസ്.ഐ. ഡയോസിസിന്റെ ഉപയോഗത്തിന് വേണ്ടി വിട്ടുകൊടുത്തു.
- ☐ അതേസമയം ഈ അടുത്ത് മോഡറേറ്ററായി ജോലി ചെയ്ത **മോസ്റ്റ്.റവ. ദേവകടാക്ഷം** അവർകൾ നാലുസ്ഥലത്ത് പല കോടി വില മതിക്കുന്ന സ്ഥലവും, വീടും വാങ്ങി വച്ചു. ഇന്ന് ആരും അദ്ദേഹത്തെ ഒരു പരിപാടിയ്ക്കും വിളിയ്ക്കാറില്ല.

- ☐ ഉത്തരകേരള സി.എസ്.ഐ. ഡയോസിസ് **ബിഷപ്പ് റൈറ്റ്. റവ. ബഞ്ചമിൻ** അവർകൾ നല്ല പേരോടും നല്ല സാക്ഷ്യമുള്ളവനായും മരണമടഞ്ഞു.
- ☐ അതുപോലെ തന്നെ ആന്ധ്ര ബിഷപ്പായ **റൈറ്റ്.റവ. അനന്തറാവു ശാമുവേൽ** അവർകൾ നല്ല സാക്ഷ്യത്തോടെ ഇരുന്നതിനാൽ ഡയോസിസിലുള്ളവർക്ക് പണം വെട്ടിക്കാൻ കഴിയാത്തതു കൊണ്ട് അവർ കുടുംബമായി സഞ്ചരിച്ചുകൊണ്ടിരുന്ന കാറോടു കൂടെ തീവച്ച് **കൊന്നു കളഞ്ഞു.** കർണാടകയിലും രണ്ടു ബിഷപ്പുമാർ നല്ല സാക്ഷിയോടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നു.

ഇങ്ങനെയുള്ളവർ ജോലി ചെയ്ത അതേ സി.എസ്.ഐ. –ൽ ഭൂരിപക്ഷ ഡയോസിസുകളിൽ ഇപ്പോൾ പണ അഴിമതി സി.എസ്.ഐ. കോംപ്ലക്സ് വാടക കടകൾ ഇങ്ങനെയുള്ള സ്വത്തുക്കളിൽ നിന്ന് ഡയോസിസ് ഭാരവാഹികൾ കൊള്ളയടിച്ചത് ഒഴിച്ചു ബാക്കിയുള്ളതാണ് കണക്കിൽ കാണിക്കുന്നത്.

- ☐ ഒരു അച്ചനെ തങ്ങളുടെ ഡയോസിസിൽ ബിഷപ്പായി തിരഞ്ഞെടുക്കാൻ ചില വർഷങ്ങൾക്കുമുമ്പ് ആ ഡയോസിസിൽ ഉള്ളവർ "സിനാഡ് ഓഫീസിലേയ്ക്ക് പോയി". ആ സിനാഡ് ഓഫീസിലുള്ള ഭാരവാഹികൾ നിങ്ങളുടെ ഡയോസിസിൽ നിന്ന് രണ്ട് പാർട്ടിക്കാർ നിങ്ങൾക്ക് മുമ്പ് പണവുമായി ഞങ്ങളുടെ അടുക്കൽ വന്ന് എടപാട് ചെയ്തിട്ട് പോയിട്ടുണ്ട്. നിങ്ങൾ എത്ര കൊണ്ടുവന്നിട്ടുണ്ട്? പണം ഞങ്ങൾക്കല്ല സിനാഡിനുള്ള ഫണ്ടാണ് ഡയോസിസിൽ നിന്ന് വന്നവർ പരസ്യമായി ഞങ്ങൾ കൊണ്ടു വന്ന തുക ഒന്നരകോടി രൂപയാണെന്ന് പറഞ്ഞു. അതിൽ മോഡറേറ്റർ അവർകൾ എനിയ്ക്ക് എത്ര കിട്ടും എന്നു ചോദിച്ചു. ഈ ഡയോസിസ് ഭാരവാഹികളോട് ഞാൻ ഡോ. പുഷ്പരാജ് ചോദിച്ചു എങ്ങനെയാണ് നാണമില്ലാതെ പരസ്യമായി ഇത്ര ധൈര്യത്തോട് സിനാഡ് ഭാരവാഹികളോട് നിങ്ങൾ ചോദിക്കുന്നത്? അവരെല്ലാം ഏക സ്വരത്തോടെ മര്യാദയില്ലാത്ത ഒരു വാക്ക് പറഞ്ഞത് അവൻമാർക്കേ നാണവും

മാനവുമില്ലാതെ പരസ്യമായി മോഡറേറ്റർക്കുവേണ്ടി ഞങ്ങളോട് ചോദിക്കുമ്പോൾ ഇവൻമാർക്ക് ഞങ്ങൾ എന്തിനാണ് മര്യാദകൊടുക്കുന്നത് എന്നാണ്.

ഞാൻ ഇങ്ങനെ ബിഷപ്പ് സ്ഥാനത്തിന് വേണ്ടി പണം കൊടുത്തതിനെക്കുറിച്ചും മോഡറേറ്ററിനു വേണ്ടി **എനിയ്ക്ക് എത്ര കിട്ടും** എന്നു ചോദിച്ചതിനെക്കുറിച്ചും ജാമക്കാരനിൽ എഴുതിയിരിക്കുന്നത് വായിക്കുമ്പോൾ ഏതു ഡയോസിസ് ബിഷപ്പാണ് എന്നെ ഇഷ്ടപ്പെടുന്നത്? കുറ്റമോ, അഴിമതിയോ ചെയ്യാത്ത **ഏഴു ബിഷപ്പു**മാരെക്കുറിച്ച് എനിയ്ക്ക് നല്ലവണ്ണം അറിയാം. **എന്നാൽ അവരും എന്നെ ഇഷ്ടപ്പെടുന്നില്ല.** ഇതെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണ് മുമ്പേ ജാഗ്രതയോടെ പ്രാർത്ഥനയ്ക്കായി എന്റെ വായനക്കാർക്ക് എഴുതുന്നത്).

- ☐ പത്രോസിന്റെ സ്ഥാനത്ത് പല ഡയോസിസുകളുടെ തലപ്പത്തിരുന്നു ഭരണം നടത്തുന്നവർ പച്ചയ്ക്ക് **എനിയ്ക്ക് എന്തുകിട്ടും?** എന്ന് ആ സിനാഡ് ഭാരവാഹികളോട് രഹസ്യമായി ചോദിക്കുമ്പോൾ ക്രിസ്തീയ മാർഗ്ഗം എങ്ങോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു?

**ഞങ്ങൾക്ക് എന്തുകിട്ടും? ഞങ്ങൾക്ക് എന്തുകിട്ടും** എന്നു ക്രിസ്തീയ ഡയോസിസുകളിൽ നിന്നു വരുന്ന ശബ്ദം വലി അപമാനത്തിന്റെ വാക്കുകളായി കാതിൽ ധ്വനിക്കുന്നു. ഉയർന്ന സ്ഥാനത്തിരിക്കുന്നവർ മുതൽ താഴെക്കിടയിൽ ഇരിക്കുന്നവർ വരെ **ഞങ്ങൾക്ക് എന്തു കിട്ടും?** എന്ന ചോദ്യമാണ് ചോദിക്കുന്നത്. ഇങ്ങനെ ഞാൻ എഴുതുന്നതുകൊണ്ട് തെറ്റു ചെയ്ത ചില ഡയോസിസുകളിൽ എന്നെ കൺവൻഷനിൽ **പ്രസംഗിക്കാൻ** വിളിയ്ക്കാൻ മടിക്കുന്നു.

- ☐ ക്രിസ്തീയ വിശ്വാസികളും ഏത് ആത്മീയ യോഗങ്ങൾക്ക് ചെന്നാലും ആ പ്രാസംഗികൻ എനിയ്ക്കായി പ്രാർത്ഥിച്ചാൽ അല്ലെങ്കിൽ പ്രാർത്ഥനയിൽ എന്റെ പേർ വിളിച്ചാൽ **ഞങ്ങൾക്ക് എന്ത് കിട്ടും?** എന്ന പ്രതീക്ഷയോടെയാണ് യോഗങ്ങളിൽ പങ്കെടുക്കുന്നത്. ആ യോഗങ്ങളെ

നടത്തുന്ന പേരുകേട്ട പ്രാസംഗികൻമാരും വ്യാജപരസ്യങ്ങൾക്ക് വേണ്ടി ഇത്ര തുക ഞങ്ങൾ ചിലവു ചെയ്തിട്ടുണ്ട്. **ഞങ്ങൾക്ക് എന്തു കിട്ടും?** എന്ന പ്രതീക്ഷയോടെയാണ് യോഗങ്ങളെ ക്രമീകരിക്കുന്നത്. ഭൂരിപക്ഷ ക്രിസ്തീയ ജനങ്ങൾ വ്യാപാരികളായി മാറിപ്പോയി.

പൊതുവേ ക്രിസ്തീയ വിശ്വാസികൾ ഏതു സഭയിൽപ്പെട്ട വരായാലും അവരെല്ലാവരും വ്യാപാരികളെപ്പോലെ ദൈവത്തിൽ നിന്നും **ലാഭം കിട്ടുമെന്ന്** പ്രതീക്ഷയോടെ കാത്തിരിക്കുന്നു. മാനസാന്തരപ്പെട്ട് രക്ഷിയ്ക്കപ്പെട്ട വിശ്വാസികളും എന്തോ പ്രതീക്ഷിച്ചുകൊണ്ടാണ് ദൈവത്തോട് പ്രാർത്ഥിക്കുന്നത്. ഏതോ ഒന്നു പ്രതീക്ഷിച്ചുകൊണ്ടാണ് ദൈവവേലയ്ക്കു വരാൻ തിടുക്കം കാട്ടുന്നത്. മരണം വരെ നാം ദൈവത്തിന് വേണ്ടി **യഥാർത്ഥമായി ജീവിക്കുന്നത് എങ്ങനെ?** എന്ന ചിന്താഗതിയും, പേടിയും ഇവർക്കില്ലാതെ പോയി.

**മരണം വരെ ഞാൻ വീട്ടിലും വെളിയിലും ദൈവവേലയിലും സാക്ഷ്യം നഷ്ടപ്പെടാതെ ജീവിക്കുന്നതെങ്ങനെ?** എന്ന ഭയം, ആഗ്രഹം ഒരു ക്രിസ്തീയ വിശ്വാസിക്ക് അല്ലെങ്കിൽ ദൈവവേലക്കാർക്ക് ഉണ്ടാകേണ്ടതല്ലെ?

- ☐ ഒരു വീടു സന്ദർശന വേളയിൽ ഒരു കുടുംബത്തിൽ ചെന്ന് പ്രാർത്ഥിച്ചാൽ ഏകദേശം എത്ര സ്തോത്രക്കാഴ്ച കിട്ടും? എന്ന പ്രതീക്ഷയോടെ വീട് തിരഞ്ഞെടുക്കുന്നു! ഇതിനെക്കുറിച്ചു ചിന്തിയ്ക്കുമ്പോൾ ഇവർ എത്ര ഭോഷത്തരമായാണ് ദൈവവേല ചെയ്യുന്നത്! ഇവരെ വിശ്വസിച്ച് ദൈവം എങ്ങനെ പ്രവർത്തിയ്ക്കും.

## ഞങ്ങൾക്ക് എന്തുകിട്ടും?

ഞങ്ങൾക്ക് എന്തുകിട്ടും എന്ന അടിസ്ഥാനത്തിലാണോ നിങ്ങളുടെ പ്രാർത്ഥന, ദൈവവേല, ക്രിസ്തീയ ജീവിതം എന്നിവ അടങ്ങിയിരിക്കുന്നത്? എന്ന് വർഷത്തിന്റെ അവസാന മാസത്തിലുള്ള നാം ഈ പുതിയ വർഷത്തിൽ നമ്മെ പരിശോധിച്ചുനോക്കി നമ്മെ ശരിയാക്കിക്കൊണ്ട് 2020 എന്ന പുതിയ വർഷത്തിൽ നമുക്ക് പ്രവേശിക്കാം.

നാം നമ്മുടെ അച്ചൻ, ബിഷപ്പ്, മോഡറേറ്റർ, സഭ ഇവയൊന്നും ശ്രദ്ധിക്കാതെ നമ്മുടെ ആത്മാവിനെ മാത്രം അധിക ജാഗ്രതയോടെ സൂക്ഷിക്കേണം. നാം ആർക്ക് സ്തോത്രക്കാഴ്ച അയക്കുന്നോ ആ ദൈവവേലക്കാരെ നാം ശ്രദ്ധിക്കാതെ, മാത്രമല്ല അവർ ശരിയായ ദൈവ ദാസൻമാരായിരുന്നാലും അവരേയും ശ്രദ്ധിയ്ക്കാതെ നിങ്ങളുടെ ആത്മാവ് **ദൈവത്തിന്റെ മുമ്പാകെ കുറ്റമില്ലാത്തതാണോ** എന്നു മാത്രം ശ്രദ്ധിക്കുക. നിങ്ങളുടെ ആത്മാവിന്റെ കണക്ക് നിങ്ങൾ തന്നെ കൊടുക്കണം. നിങ്ങൾ, നിങ്ങളുടെ മാതാപിതാക്കൾ എന്നിവരെക്കൂടി ശ്രദ്ധിക്കാതെ, പ്രാധാന്യം കൊടുക്കാതെ നിങ്ങളുടെ ആത്മാവ് ദൈവത്തിന് മുമ്പാകെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ ഇരിക്കുന്നു? എന്നു മാത്രം ശ്രദ്ധിക്കുക.

മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിയ്ക്കാൻ മാത്രമേ നമുക്ക് കഴിയുകയുള്ളു, ആലോചന പറഞ്ഞുകൊടുക്കാനും കഴിയും. എന്നാൽ മറ്റുള്ളവരെ മാറ്റാൻ കഴിയുകയില്ല.

☐ പൗലോസ് തന്റെ യൗവന ശിഷ്യനായ തിമത്തിയോസിനോട് പറഞ്ഞത് ഓർമ്മിപ്പിക്കുന്നു.

1. വിശ്വാസികൾക്ക് മാതൃകയായിക്കുക

   അവിശ്വാസിക്കു മാതൃകയായിരിക്കുന്നത് എളുപ്പമാണ്! എന്നാൽ വിശ്വാസികൾക്ക് മാതൃകയായി ജീവിക്കുന്നത് വളരെ കഷ്ടമാണ്. എന്നാൽ എന്നെ ശക്തനാക്കുന്നവൻ ക്രിസ്തുവാണ് എന്ന് വിശ്വസിപ്പിൻ അവന്റെ കൃപയാൽ മറ്റു വിശ്വാസികളെക്കാളും ആത്മീയ ജീവിതത്തിൽ ഉന്നതരായി ജീവിയ്ക്കാൻ നിങ്ങൾക്കു കഴിയും.

2. ആരും നിന്നെ ഇച്ഛീകരിക്കാതിരിക്കേണ്ടതിന് നീ **വാക്കിലും നടപ്പിലും സ്നേഹത്തിലും ആത്മാവിലും വിശ്വാസത്തിലും നിർമ്മലതയിലും** വിശ്വാസികൾക്ക് മാതൃകയായിരിക്കേണം.

3. നിന്നെക്കുറിച്ചും നിന്റെ ഉപദേശത്തെക്കുറിച്ചും സൂക്ഷിച്ചു കൊൾക. ഇപ്പോഴുള്ള ഏകദേശം എല്ലാ ക്രിസ്തീയ ദൈവവേലക്കാരും വ്യാപാരികളായിരിക്കുന്നു. അവരെ തിരഞ്ഞുവരുന്ന വിശ്വാസികളും വ്യാപാരികളെ പോലെ ലാഭം പ്രതീക്ഷിക്കുന്നു! അതുകൊണ്ട് **ഞങ്ങൾക്ക്**

**എന്തുകിട്ടും** എന്ന് വായനക്കാരായ നിങ്ങൾ ആഗ്രഹിയ്ക്കാതെ ക്രിസ്തുവിനെ പോലെ അവന്റെ സ്വഭാവത്തിൽ ജീവിയ്ക്കാൻ ശ്രമിയ്ക്കാം!

പൗലോസ് തിമത്തിയോസിനോട് പറഞ്ഞ കഠിനമായ ആലോചന എന്താണെന്നറിയാമോ? **"കഷ്ടം സഹിക്കുക"** എന്നതാണ്! ആർക്കെങ്കിലും ഈ ആലോചന ഇഷ്ടപ്പെടുമോ? 2 തിമൊ. 3 : 12 **എന്നാൽ ക്രിസ്തുവേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ള വർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും.** ഇങ്ങനെയുള്ള വിശ്വാസികൾ ഒരിക്കലും ഞങ്ങൾക്ക് എന്ത് കിട്ടും? എന്ന് അവർ ചെയ്ത പ്രവർത്തനത്തിന് **പ്രതിഫലമായി** ചോദിക്കില്ല. ക്രിസ്തീയ ജീവിതം നിശ്ചയമായും കഷ്ടമാണ്. എന്നാൽ അതിന്റെ അവസാനം ആനന്ദകരമായിരിക്കും.

എന്നാൽ ക്രിസ്തു നമ്മിലും, നമ്മോടും കൂടെ ഉണ്ടോ? എന്നതുമാത്രം ഉറപ്പിച്ചാൽ മതി. ഏതു സാഹചര്യത്തിലും **അലംഭാവത്തോടെയിരിക്കാം** (***Content***) എന്ന് പൗലോസ് പറഞ്ഞതു പോലെ നമ്മെ കൊണ്ടും പറയാൻ കഴിയും, കഷ്ടത്തിലും, പരാജയത്തിലും, നിരാശയിലും, രോഗത്തിലും, പിറുപിറുക്കാത്ത ജീവിതത്തെയും അതിൽ ലഭിക്കുന്ന ആത്മീയ സന്തോഷത്തേയും വായനക്കാരായ നിങ്ങൾ അനുഭവിയ്ക്കാൻ വേണ്ടി ഞാൻ നിങ്ങൾക്ക് വേണ്ടി തുടർന്ന് പ്രാർത്ഥിക്കുമെന്ന് ഈ പുതിയ വർഷത്തിൽ നിങ്ങളോട് ഉറപ്പു പറയുന്നു.

നിങ്ങൾ പല മാർഗ്ഗത്തിൽ അയച്ചു തന്ന ധനസഹായം ഒന്നും നഷ്ടപ്പെടാതെ എന്റെ കൈയ്യിൽ എത്തിച്ചേർന്നു. വളരെ നന്ദി! ചോദ്യങ്ങൾ, സംശയങ്ങൾ നിങ്ങൾക്കുണ്ടായാൽ ഉടൻ തന്നെ താമസിയ്ക്കാതെ എനിയ്ക്ക് എഴുതി അറിയിക്കുക. ഞാൻ ഇതുവരെ അന്യഭാഷയെക്കുറിച്ച് എഴുതിയതെല്ലാം പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് മുമ്പേ നിങ്ങളുടെ സംശയത്തിനുള്ള മറുപടിയും അവനോടു ചേർന്നു മാറ്റി എഴുതേണ്ട കാര്യങ്ങളെയും ശരിയാക്കാനുള്ള വിഷയങ്ങളേയും ചേർത്ത് പുസ്തകമാക്കി പുറത്തുവിടാൻ അത് എനിയ്ക്ക് വളരെ സൗകര്യമായിരിക്കും.

ഡോ. പുഷ്പരാജ്

# TUTICORIN - NAZRETH C.S.I. DIOCESE
## St. PATRIK C.S.I. CHURCH CONVENTION





തൂത്തുക്കുടിയിൽ നടന്ന യോഗങ്ങൾ അനുഗ്രഹമായിരുന്നു. Rev. JOBRAJAH SINGH അവർകൾ യോഗ ഏർപ്പാടുകളെ നന്നായി ചെയ്തിരുന്നു. തൂത്തുക്കുടി സി എസ് ഐ സഭയിലെ ജനങ്ങൾ കഴിഞ്ഞ 40 വർഷങ്ങളായി എന്നേയും, എന്റെ പ്രവർത്ത നങ്ങളേയും ഒരു മിഷനറിയെ സഹായിക്കുന്നതുപോലെ സഹായിച്ചു വരുന്നു. അവരുടെ സഹായത്തെ എനിക്ക് മറക്കാൻ കഴിയില്ല. എന്റെ വായനക്കാരെ പല രേയും ഞാൻ നേരിൽ കണ്ടു. കോവിൽപ്പെട്ടി, വിരുത്നഗർ പോലുള്ള സ്ഥലങ്ങ ളിൽ നിന്നും കുടുംബമായി എന്നെ വന്നു കണ്ടു.

കുടുംബ ആലോചന സമയം എന്ന ഒരു പ്രത്യേക പരിപാടി ഈ സഭ ക്കാർ ഒരുക്കിയിരുന്നു. ഇത് അനേകർക്ക് അനുഗ്രഹമായിരുന്നു. കർത്താവിന് മഹത്വം ഉണ്ടാകട്ടെ.

---

### *ST. JACOB CS I CHURCH (Jacobpuram)*



യാക്കോബുപുരം എന്ന സ്ഥലത്തു നടന്ന യോഗവും അനുഗ്രഹ മായി അവസാനിച്ചു. കർത്താവിന് മഹത്വം ഉണ്ടാകട്ടെ.

## *C S I TIRUNELVELI DIOCESE CHETTIKULAM* (ചെട്ടിക്കുളം)



തിരുനെൽവേലി ഡയോസിസിൽ സി എസ് ഐ എന്ന പഴയ പേരിൽ പ്രവർത്തിക്കുന്ന ചില സഭകളിൽ ഒന്നാണ് ചെട്ടിക്കുളം സി എസ് ഐ ചർച്ച് ഇവിടെ നടന്ന കൺവെനഷൻ അനുഗ്രഹമായിരുന്നു റവ. എ.ജി.ആർ വേദ നായകം സാംരാജ് അവർകൾ യോഗ ഏർപ്പാടുകൾ പ്രത്യേകമായി ചെയ്തിരുന്നു. കർത്താവിന്റെ നാമം മഹത്വപ്പെട്ടു.

## VELLOR CSI DIOCESE - K ATPADI CSI CHURCH





ഇവിടെ നടന്ന യോഗങ്ങൾ അനുഗ്രഹമായിരുന്നു. ഈ യോഗത്തിൽ ദൈവത്തിന്റെ പ്രവർത്തനം പലവിധത്തിൽ നടന്നതിനെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ അറിയാൻ കഴിഞ്ഞു. കർത്താവിന് മഹത്വം ഉണ്ടാകട്ടെ.

സഭയിലെ അച്ചൻ റവ. കൊർത്തല്യൂസ് അവർകൾ യോഗത്തിന് വേണ്ട ഏർപ്പാടുകൾ പ്രത്യേകമായി ചെയ്തിരുന്നു. കർത്താവ് കാട്പാടി സഭയെ സമാധാനത്തോടെ നടത്തുമാറാകട്ടെ. ***C.M.C*** യിലുള്ള മലയാളി ഡോക്ടർമാരും നഴ്സുമാരും ഈ യോഗങ്ങളിൽ പങ്കെടുത്തു.

# കന്യാകുമാരി ഡയോസിസ് പുതുകുടി സി എസ് ഐ സഭാദിന കൺവെൻഷൻ








നാഗർകോയിൽ ബസ്റ്റാന്റിനു സമീപത്തുള്ള പുതുകുടി സി എസ് ഐ സഭയിൽ വച്ച് സഭാദിന സ്തോത്ര യോഗങ്ങൾ 3 ദിവസം കൺവെൻഷനായി നടത്തപ്പെട്ടു. സഭയിലെ അച്ചൻ ഡി. ക്രിസ്റ്റോഫർ ബാബുരാജ് അവർകൾ യോഗങ്ങൾ നന്നായി ക്രമീകരിച്ചിരുന്നു. പെരുംമഴയുടെ നാളുകളായിരുന്നു എന്നാലും ധൈര്യത്തോടെ മറ്റുള്ള സഭാക്കാരും കർത്താവിന്റെ വചനം കേൾക്കേണം. എന്ന ആഗ്രഹത്തിൽ പുറത്തുള്ള ഗ്രൗണ്ടിൽ വച്ച് തന്നെ യോഗം നടത്തപ്പെട്ടു. ദൈവത്തിന്റെ കൃപയാൽ 3 ദിവസങ്ങളും യോഗ സമയത്തിൽ മാത്രം ദൈവം മഴയെ നിർത്തി യോഗങ്ങൾ അനുഗ്രഹമായി തീരുവാൻ സഹായിച്ചു. ധാരാളം ജനങ്ങൾ മാനസാന്തരപ്പെടാനും സൗഖ്യം പ്രാപിക്കാനും ദൈവം കൃപ ചെയ്തു കർത്താവിന്റെ നാമത്തിന് മഹത്വമുണ്ടാകട്ടെ

# ചെന്നൈ
# ദർശന (*VISION*) മഹായോഗങ്ങൾ

ദർശന മഹായോഗങ്ങൾ എന്ന തലക്കെട്ടിൽ ***FMPB*** മിഷനറി സ്ഥാപനത്തിന്റെ 3 ദിവസത്തെ വമ്പിച്ച യോഗങ്ങൾ നടത്തപ്പെട്ടു. വൈകുന്നേരത്തെ പൊതുയോഗം മൈതാനത്തിലും, പകൽയോഗം (ചെന്നൈ) പെരുമ്പാക്കം **അഡ്വൻൺഡ് ചർച്ചിലും** നടന്നു. ഈ യോഗത്തിന് എല്ലാവരും പ്രത്യേകമായി സഹകരിച്ചു. റവ. ഇമ്മാനുവേൽ ഭക്തസിംഗ് അവർകൾ സഭയിലുള്ള കമ്മിറ്റി അംഗങ്ങളോട് ചേർന്ന് മിഷനറി ഭാരത്തോടെ ഈ യോഗങ്ങളെ അവരുടെ സഭയിൽ ക്രമീകരിച്ചു.




മേടവാക്കം ***FMPB*** പ്രാർത്ഥനാ കൂട്ടായ്മ ഭാരവാഹികൾ പ്രത്യേകിച്ച് ***Mr.*** കെർഷോം സാമുവൽ അവർകളും പ്രയർ ഗ്രൂപ്പും വളരെയധികം ചെലവ് ചെയ്ത് ആയിരങ്ങൾക്ക് പ്രയോജനപ്പെടത്തക്ക നിലയിലും, മിഷനറി പ്രവർത്തനത്തെ പറ്റി മറ്റു ക്രൈസ്തവ സഭകൾ അറിയേണ്ടതിനും ഈ പ്രത്യേക ഏർപ്പാടുകൾ ചെയ്തു.

ഇന്ത്യയിൽ മദ്ധ്യപ്രദേശ് മിഷനറി പ്രവർത്തനത്തെ (ചെന്നൈ) മേടവാക്കം പ്രാർത്ഥനാ ഗ്രൂപ്പ് ദത്തെടുത്ത് തങ്ങി വരുന്നു (സഹായിച്ചു വരുന്നു). മദ്ധ്യപ്രദേശിൽ പ്രവർത്തിച്ചിരുന്ന മിഷനറിമാരെ ഇവർ ചെന്നൈലേക്ക് വിളിപ്പിച്ച് (ഇവർ പണിത പളളികളെ പറ്റിയും പല ഇടങ്ങളിൽ ആദിവാസികൾ ആരാധിക്കുന്ന സഭകളിൽ പ്രവർത്തിക്കുന്നവരെ സ്വാർത്തിക് എന്നു വിളിക്കുന്നു. ഇവർ

ആദിവാസികൾ ആരാധിക്കുന്ന സഭകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി പാസ്റ്റർമാരാണ്. ഈ സ്വാർത്തിക് പാസ്റ്റർമാർ അധികം വിദ്യാഭ്യാസം ഇല്ലാത്തവരാണ്. ഇവരാണ് അവിടവിടെയുള്ള സഭകൾ നടത്തി വരുന്നത്) ആദിവാസിസഭകളിലെ അംഗങ്ങൾ ചിലരേയും കുടുംബമായി ഞാൻ സംസാരിച്ച യോഗങ്ങളിൽ പങ്കെടുപ്പിക്കുകയും അവർ സ്വന്തമായി എഴുതിയ ക്രൈസ്തവ ഗാനങ്ങളെ അവരുടെ സ്വന്ത രാഗങ്ങളിൽ, അവരുടെ സംസ്ക്കാര രീതിയിൽ അവരുടെ വാദ്യോപകരണങ്ങൾ ആയ ഡോലക്ക്, ചിലങ്ക ഇവ ഉപയോഗിച്ച് സ്തോത്ര ഗാനങ്ങൾ പാടി അവർ ആരാധിച്ചത് കണ്ട് സ്വർഗ്ഗം സന്തോഷിച്ചിരിക്കും. ഓരോരുത്തരുടേയും വ്യക്തിപരമായ സാക്ഷ്യവും ജീവനുള്ളതായിരുന്നു. ദൈവത്തിന്റെ നാമം മഹത്വപ്പെട്ടു.

ഇതിന്റെ പ്രത്യേകത എന്തെന്നുവച്ചാൽ അവിടെവന്ന എല്ലാ ആദിവാസികളേയും മിഷനറി കുടുംബങ്ങളേയും ഞാൻ താമസിച്ചിരുന്ന അതേ ലോഡ്ജിൽ എ.സി. റൂമുകളിൽ താമസിപ്പിച്ചത് ഇതുവരെ ഒരു മിഷനറി സ്ഥാപനത്തിലും ഞാൻ കേൾക്കാത്ത സംഭവമാണ്. കാടുകളിലും, മരത്തിനടിയിലും, കുടിലുകളിലും, മഴയത്തും വെയിലത്തും തറയിൽ കിടന്നുറങ്ങി ജീവിച്ചുവന്ന അവരെ എ.സി. റൂമുകളിൽ താമസിപ്പിച്ചതും അതുമാത്രമല്ല ട്രെയിൻ യാത്ര ചെയ്തതും അവർക്ക് പുതിയ അനുഭവമായിരിക്കും. കാടുകളിൽ താമസിച്ചിരുന്നവർ പുറംലോകം കാണാത്തവരാണ്. അങ്ങനെയുള്ള ആദിവാസി ജനങ്ങളെ(ആദിവാസി വിശ്വാസികളേയും, മിഷനറി പാസ്റ്റർമാരും) എ.സി. റൂമിൽ താമസിപ്പിച്ച ആ പ്രാർത്ഥനാ ഗ്രൂപ്പുകാർ എത്രത്തോളം ആദിവാസികളെ സ്നേഹിക്കുന്നുവെന്നും മിഷനറിമാരെ എത്രത്തോളം ബഹുമാനിക്കുന്നു എന്നും മനസ്സിലാക്കാം. ഈ ഏർപ്പാടുകൾ നല്ല മാതൃകയാണ്. ഇത് ആവശ്യമില്ലാത്ത വൃഥാ ചെലവാണെന്നും ആ പണത്തെ മിഷനറിമാരുടെ പ്രവർത്തനാവശ്യങ്ങൾക്ക് കൊടുക്കുകയാണെങ്കിൽ പ്രയോജനമായിരിക്കുമെന്ന് ചിലർ പറയാം. എന്നാൽ ഇത് എപ്പോഴും നടക്കുന്ന പരിപാടി അല്ലല്ലോ.

എന്നാൽ ജീവിതത്തിൽ കാടുകളേയും ഗ്രാമങ്ങളേയും വിട്ട് പുറത്തുവരാത്ത ആദിവാസികൾക്ക് ഇത് പുതിയ അനുഭവമായി തീർന്നിരിക്കും. പണമുള്ള നഗരവാസികൾ ചൂടുകാലത്ത് താമസിക്കുന്ന എ.സി. റൂമിൽ വിലപി

ടിച്ച കിടക്കയിൽ മൂന്നു ദിവസം കിടന്നുറങ്ങിയതും അവർ സ്വപ്നത്തിൽകൂടി അനുഭവിച്ചിരിക്കുകയില്ല. യഥാർത്ഥത്തിൽ അവർക്ക് ശീലമില്ലാത്ത എ.സി. റൂമിൽ 3 ദിവസങ്ങളും ശരിക്ക് ഉറങ്ങിയിട്ടുണ്ടാവില്ലെന്ന് ഞാൻ വിചാരിക്കുന്നു. കമ്പിളിയും, പുതപ്പും ഉണ്ട് എന്നാൽ എ.സി. അറ അവർക്ക് ശീലമില്ല. ഇത് എപ്പോഴും അനുഭവി,ക്കുന്നില്ല. ജീവിതത്തിൽ ഒരേ ഒരു പ്രാവശ്യമെങ്കിലും എ.സി. റൂമിൽ കിടന്നുറങ്ങുന്നത് പുതിയ അനുഭവം മാത്രമല്ല അവർക്ക് മറക്കാൻ കഴിയാത്ത അനുഭവമാണ്. ചിലവായാലും സാരമില്ല എന്ന് ഒരു പാവപ്പെട്ട ജനങ്ങളെ ബഹുമാനിച്ച പ്രാർത്ഥനാ ഗ്രൂപ്പിനെ ഞാൻ അഭിനന്ദിക്കുന്നു. ഒരുവൻ വിഗ്രഹത്തെ വീട്ട്, മദ്യപാനത്തെ വിട്ട്, കർത്താവിന്റെ മകനായി കഴിഞ്ഞാൽ അവൻ കാട്ടുവാസിയായാലും, നാട്ടുവാസി ആയാലും കർത്താവ് അവരെ ഉയർത്തുന്നതും അനുഗ്രഹിക്കുന്നതും വ്യത്യസ്തങ്ങളായ അനുഗ്രഹങ്ങളാണ്.

ഇത് എഴുതുന്ന പുഷ്പരാജ് ആയ ഞാൻ രക്ഷിക്കപ്പെട്ട്, മാനസാന്തരപ്പെട്ട് വേദ പുസ്തകത്തെ കൈയ്യിലെടുത്തതിനു ശേഷം ഡോക്ടർ ജോലിയെക്കാളും ക്രിസ്തുവിന് വേണ്ടി ജീവിക്കുന്നതിലും അവനെ അറിയിക്കുന്നതിലുമുള്ള അനുഗ്രഹം എത്ര വലിയത് എന്ന് അനുഭവിച്ചറിഞ്ഞവനാണ്. അതുമാത്രമല്ല ഡോക്ടർ എന്ന പദവിയ്ക്ക് കിട്ടാത്ത പ്രത്യേക ബഹുമാനം ദൈവദാസൻ ആയിക്കഴിഞ്ഞതിന് ശേഷം എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വ്യത്യാസമായ മര്യാദയും ക്രിസ്തീയ വിശ്വാസികളാൽ ലഭിക്കുന്ന അഭിനന്ദനങ്ങളും സ്വാഗതവും വളരെയധികം. ഇന്ത്യയിലോ ഇന്ത്യയ്ക്ക് വെളിയിലോ എവിടെയാണെങ്കിലും കർത്താവിനെ സ്നേഹിക്കുന്നവർ എന്നോടുകാണിക്കുന്ന സ്നേഹം അതിഥി സൽക്കാരം എന്നിവ ഒട്ടും യോഗ്യതയില്ലാത്തവനായ എനിക്ക് ക്രിസ്തുവിനാൽ ലഭിച്ച മേന്മയാണ്.

അതാണ് ആ ആദിവാസികൾ ചെന്നൈയിൽ വച്ച് ***FMPB*** പ്രയർ ഗ്രൂപ്പായ മേടവാക്കം പ്രാർത്ഥനാ ഗ്രൂപ്പിനാൽ അനുഭവിച്ച ലോക പ്രകാരമായ സുഖം. അവർ അവസാനം വരെ വിശ്വാസത്തെ വിട്ട് പിൻ മാറാതിരുന്നാൽ ഇതിനെക്കാളും വലിയ സുഖവും, ആത്മീയാനന്ദവും അനുഭവിക്കാൻ കഴിയും എന്നത് നിശ്ചയം. ഇത് ആ ആദിവാസികൾക്ക് മാത്രമല്ല ഇത് വായിക്കുന്ന എല്ലാ ജാമനാരൻ വായനക്കാർക്കും അവകാശപ്പെട്ടതാണ്.

# ദൈവം ഉണ്ടാക്കിയ ആദ്യത്തെ കുടുംബം
# ഭർത്താവും ഭാര്യയും ഒരുമിച്ച് പ്രവർത്തിക്കുന്നത്

നന്ദി സത്യവചനം

ദൈവത്തിന്റെ മനസ്സിലെ ആഗ്രഹപ്രകാരമുണ്ടായ കുടുംബത്തെ ക്കുറിച്ച് ചിന്തിക്കുന്നത് നമുക്ക് നല്ലതാണ്. ദൈവം കുടുംബത്തെയാണ് ആദ്യം സൃഷ്ടിച്ചത്. കുടുംബങ്ങൾ മൂലമായിട്ടാണ് ഈ ലോകത്തിൽ തന്റെ ഉദ്ദേശങ്ങൾ നിറവേറ്റേണ്ടതെന്ന് ദൈവം ആഗ്രഹിച്ചിട്ടുണ്ടാവും. എന്നാൽ മനുഷ്യൻ അത് തകർത്തു കളഞ്ഞു എന്നു കാണുന്നു.

(ഉല്പത്തി. 3:1–5) യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടു ജന്തുക്കളെക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോട് തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട് തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്ക് തിന്നാം എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്; തൊടുകയും അരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു. പാമ്പ് സ്ത്രീയോട് നിങ്ങൾ മരിക്കയില്ല നിശ്ചയം അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു.

ഈ സാഹചര്യമാണ് പാപം മനുഷ്യന്റെ ജീവിതത്തിൽ ഏതു വിധത്തിലാണ് പ്രവേശിച്ചതെന്ന് കാണിക്കുന്നത്. ഈ ശോധന ഹൗവ്വയ്ക്ക് വന്നപ്പോൾ നമുക്ക് അറിയുന്ന അളവിൽ ഈ ഭാഗത്ത് നാം പഠിക്കുന്ന പാഠം എന്തെന്നാൽ ഹവ്വ ഏകയായിരുന്നു അവിടെ ആദാ മില്ലായിരുന്നു എന്നു കാണുന്നു. ആദാം ഹവ്വ രണ്ടുപേരും ഇവർ ഒരേ ദേഹമായിരിക്കുമെന്നും **ഇവർ ഒന്നായി ചേർന്ന് പ്രവർത്തിക്കുമെന്നുമുള്ള** ഉദ്ദ്യേശത്തോടെ ദൈവം സൃഷ്ടിച്ചു. എന്നാൽ ഇവിടെ പിശാച് ഹവ്വയെ പരീക്ഷിക്കുമ്പോൾ ഹവ്വ ഏകയായിരുന്നു.

നീ ഇത് തിന്നാൻ പാടില്ല ദൈവം പറഞ്ഞു, പിശാച്; നീ ഇത് തിന്നുന്ന നാളിൽ മരിക്കയില്ല എന്ന് **ദൈവം പറഞ്ഞ കാര്യത്തിന് വിപരീതമായി** അവളെ പഠിപ്പിച്ചു കൊടുക്കുന്നു. നിങ്ങൾ ദൈവത്തെപ്പോലെ ആകും എന്ന് പറഞ്ഞപ്പോഴാണ് ഹവ്വ ആ ശോധനയിൽ കുടുങ്ങിയതെന്ന് നാം കാണുന്നു.

ഇതിൽ നിന്നും നാം പഠിക്കേണ്ട കാര്യം എന്തെന്നാൽ **രണ്ട് പേരായി ചേർന്ന് പ്രവർത്തിക്കാൻ** സൃഷ്ടിക്കപ്പെട്ട കുടുംബ ജീവിതത്തിൽ ഒറ്റക്കൊറ്റക്കായി പ്രവർത്തിക്കാൻ പാടില്ല തനിച്ച് തീരുമാനങ്ങൾ എടുക്കാൻ പാടില്ല പല തീരുമാനങ്ങളും സ്വന്തമായി എടുക്കേണ്ട സാഹചര്യങ്ങൾ വരാം, എന്നാൽ വലിയ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ സ്വന്തമായി തീരുമാനങ്ങൾ എടുക്കാതെ രണ്ടുപേരും ഒരുമിച്ച് ദൈവത്തോട് ചേർന്ന് തീരുമാനങ്ങൾ എടുക്കുമ്പോഴാണ് അത് **ശരിയായ തീരുമാനമായി മാറുന്നത്.** സ്വന്തമായി എടുക്കുന്ന തീരുമാനങ്ങൾ നമ്മെ തെറ്റായ വഴിയിലേക്ക് കൊണ്ടു പോകും. ആ സ്ത്രീ (ഹവ്വ) ഫലത്തെ പറിച്ച് കഴിച്ചത് മാത്രമല്ല, അതിന് ശേഷം ഭർത്താവിനും കൊടുത്ത് അവനേയും ദൈവത്തിന് വിരോധമായി തെറ്റ് ചെയ്യാൻ പ്രലോഭിപ്പിച്ചു.ഇത് ആ കുടുംബജീവിതത്തിൽ പ്രശ്നമായി മാറി.

ഉല്പത്തി. 3:12–ൽ ദൈവം ആദാമിന്റെ അടുത്ത് വന്ന് ആദാമേ നീ എന്തിനിത് ചെയ്തു എന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി എന്താണെന്നറിയാമോ? നീ എന്നോടു കൂടെ ഇരിയ്ക്കാനായി തന്ന **ഈ സ്ത്രീ** അത് എനിക്കു തന്നു. ഞാനത് തിന്നു. ചില ദിവസങ്ങൾക്കു മുൻപ് അവൻ പാടിയ പാട്ട് **നീ എന്റെ എല്ലിനെല്ലും, മാംസത്തിന് മാംസവുമായവൾ** എന്നായിരുന്നു. എന്നാൽ ഇപ്പോൾ അവൻ പറയുന്നത് **നീ എനിയ്ക്കു തന്ന സ്ത്രീ** എന്നാണ്. ഈ സമയത്ത് ഹവ്വ **എന്റെ ഭാര്യ** എന്നു പറയാൻ പോലും അവൻ കൂട്ടാക്കിയില്ല. **ഈ സ്ത്രീ** എന്ന് പറയുന്നു ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടതെന്തെന്നാൽ **ആ കുടുംബ ജീവിതത്തിൽ ഒരു ചെറിയ പൊട്ടലും, വിടവും ഉണ്ടായി. തന്റെ ഭാര്യയെ പുതിയതായി കൂട്ടിച്ചേർക്കപ്പെട്ട ആദ്യ ദിവസങ്ങളിൽ എങ്ങനെയെല്ലാം ഓമനപേരിട്ട് വിളിച്ചിരിക്കും. എന്നാൽ ജീവിതത്തിൽ തകർച്ചയുണ്ടായ ശേഷം ഭാര്യയുടെ പേര് പറയാൻ പോലും അവൻ ആഗ്രഹിക്കുന്നില്ല.**

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട കുടുംബത്തെ ഇങ്ങനെയാണ് **പിശാച് തകർക്കാൻ** നോക്കുന്നത്. കുടുംബത്തെ തകർക്കാനായി ഭാര്യയേയും ഭർത്താവിനേയും വേർപിരിക്കുകയാണ് പിശാച് ചെയ്യുന്നത്. ഇത് എങ്ങനെ സാധിച്ചു? ഹവ്വ **തനിച്ചിരുന്നപ്പോൾ** അവൾ സ്വന്തമായി തീരുമാനമെടുത്തതാണ് ഇതിന് കാരണമെന്ന് ഏകദേശം ഊഹിക്കാം. തനിച്ചിരിക്കുമ്പോൾ ഭാര്യയോ ഭർത്താവോ ഒറ്റയ്ക്ക് എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും തെറ്റായ തീരുമാനമായി മാറും അതിനാലാണ് നിങ്ങൾ ഒരുമിച്ചിരിക്കണമെന്ന് ദൈവം പറഞ്ഞത്. അതായത് ഭാര്യയും ഭർത്താവും തമ്മിൽ തമ്മിൽ പങ്കിട്ടു രണ്ടുപേരും **ഒന്നിച്ചുചേർന്ന് പ്രവർത്തിക്കണം** എന്നു നാം ഇവിടെ കാണുന്നു.

പിന്നീട് ദൈവം നമുക്ക് തന്ന പലവിധ കല്പനകളിൽ ഒന്നാണ് "തിമൊത്തിയോസിന്" പൗലോസ് അപ്പോസ്തലൻ എഴുതിയ രണ്ടാം ലേഖനം ഒന്നാം അദ്ധ്യായത്തിൽ അന്ത്യകാലത്തിനു സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് നാം വായിക്കുന്നു. ആദ്യത്തെ ചില വാക്യങ്ങളിൽ വായിക്കുമ്പോൾ മനുഷ്യർ **സ്വസ്നേഹികളായിരിക്കും, ദ്രവ്യാഗ്രഹികളായിരിക്കും, വമ്പു പറയുന്നവരായിരിക്കും, അഹങ്കാരികളായിരിക്കും** ഇങ്ങനെ പല വിഷയങ്ങളെപറഞ്ഞതിനു ശേഷം വേറൊരു കാര്യ ത്തെ 7-ാം വാക്യത്തിൽ പറയുന്നു. **എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ കഴിയാത്ത പെണ്ണുങ്ങളുടെ വീടുകളിൽ ഇങ്ങനെയുള്ളവർ നുഴഞ്ഞു കയറി അവരെ സ്വാധീനിക്കുന്നു.** ഇത് നിങ്ങൾ വളരെ വ്യക്തമായി അറിയേണ്ടതുണ്ട്.

ഈ വാർത്തയെ വായിച്ചുകൊണ്ടിരിക്കുന്ന നമുക്ക് ഇത് ഒരു വലിയ ജാഗ്രതാ നിർദ്ദേശമാണ്. അന്ത്യകാലത്ത് ചില ആളുകൾ നമ്മുടെ വീടു തേടി വരും. അവർ **എത്ര പഠിച്ചാലും എത്ര പ്രസംഗം കേട്ടാലും, എത്ര പ്രാവശ്യം വേദപുസ്തകം വായിച്ചാലും** സത്യ ത്തെ അറിയാത്ത ഒരു വിധമായ ബലഹീനത ജനത്തെ വഞ്ചിക്കും. അവർ എങ്ങനെയാണ് വഞ്ചിക്കുതെന്നറിയാമോ? പെൺമക്കളുള്ള **വീടുകളിൽ** നുഴഞ്ഞുകയറി അവരെ **വശത്താക്കും** എന്ന് സൂചിപ്പിക്കുന്നു. നിങ്ങൾ **തനിച്ചിരിക്കുമ്പോഴാണ്** അവർ വരുന്നത്. **തനിച്ചിരിക്കുമ്പോൾ** നിങ്ങൾക്കായി **പ്രാർത്ഥിച്ചിട്ടു പോകാൻ വന്നതാണെന്നു പറയും** തനിച്ചിരിക്കുമ്പോൾ ചില **കള്ള ഉപദേശങ്ങളെ വേദപുസ്തകത്തിന്**

**വിരോധമായി നിങ്ങളെ ഉപദേശിയ്ക്കാൻ തുടങ്ങും.** ചില സമയം **തനിച്ചിരിക്കുന്ന പെണ്ണുങ്ങൾ** ഇങ്ങനെയുള്ള കാര്യങ്ങളെ കേട്ടു അവരുടെ ജീവിതത്തിൽ പിശാചിനു കീഴടങ്ങി **തെറ്റായ തീരുമാനങ്ങൾ** എടുക്കുന്നു. ഇന്ന് അനേക കുടുംബങ്ങളിൽ ഇപ്രകാരം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇതിനാൽ കുടുംബങ്ങളും, സഭകളും **തകരുന്നു.**

**ഭാര്യ ഒരു സഭയ്ക്കു** പൊയ്കൊണ്ടിരിക്കും, **ഭർത്താവ് വേറൊരു സഭയ്ക്ക്** പൊയ്ക്കൊണ്ടിരിക്കും, മക്കൾ **ഏതു സഭയ്ക്കു പോകണം എന്നറിയാതെ** തന്റെ **സ്നേഹിതരോടുകൂടെ തെരുവോരങ്ങളിൽ** നിന്നുകൊണ്ടിരിക്കും. ഇങ്ങനെയുള്ള കാര്യങ്ങൾ നടക്കുന്നതിന് മുമ്പ് പ്രാർത്ഥനയോട് ജാഗ്രതയായിരിക്കേണ്ടത് ആവശ്യമാണ്. ആകയാൽ നിങ്ങൾ തനിച്ചിരിക്കുമ്പോൾ ഇങ്ങനെ വഞ്ചനാപരമായ കാര്യങ്ങളിൽ പങ്കെടുക്കാൻ പാടില്ല. അതിനിടം കൊടുക്കാനും പാടില്ല. അതിനുള്ള കൃപയും ജ്ഞാനവും നിങ്ങൾക്ക് ദൈവം തന്നെ തരണം. അങ്ങനെയാണെങ്കിൽ എന്തുചെയ്യണം? ഭാര്യയും ഭർത്താവും തമ്മിൽ തമ്മിൽ **സംസാരിച്ചു പങ്കിട്ടു ഒരുമിച്ചു** പ്രാർത്ഥിക്കണം. രണ്ടുപേരും ഒരുമിച്ച് ദൈവഹിതം എന്താണെന്നറിഞ്ഞ് പ്രവർത്തിയ്ക്കണം. അങ്ങനെയുള്ള കുടുംബത്തിലാണ് ദൈവം തരുന്ന അനുഗ്രഹങ്ങളെ നിങ്ങൾക്ക് കാണാൻ കഴിയുന്നത്.

അതുകൊണ്ട് ദൈവമക്കളായ നമ്മുടെ കുടുംബത്തിലെ നാം ചെയ്യുന്ന എല്ലാ കാര്യങ്ങളും തമ്മിൽ തമ്മിൽ പങ്കിട്ടുകൊണ്ട് **ഒന്നിച്ചു തീരുമാനങ്ങൾ എടുക്കണം.** സ്വന്തമായി നാം തീരുമാനം എടുക്കുമ്പോഴും, പ്രവർത്തിക്കുമ്പോഴും പിശാച് പല തരത്തിലും ശോധനകളെ കൊണ്ടുവന്ന് നമ്മുടെ കുടുംബ ജീവിതത്തെ തകർത്ത് കളയും. പല കുടുംബങ്ങളിൽ **എന്റെ ഭർത്താവിന് ഒന്നും അറിയില്ല.** അവൻ വലിയ ഉദ്യോഗസ്ഥനാണ് എന്നാലും **ഞാനാണ് വീട്ടിൽ എല്ലാം തീരുമാനിക്കുന്നത്.** എനിയ്ക്ക് എല്ലാം അറിയാം എന്ന അഹങ്കാര ഭാവത്തിൽ ഭർത്താവിനെ അലക്ഷ്യപ്പെടുന്നത് കാണാം. **ഭർത്താവായ നിങ്ങൾ, ഭാര്യയായ നിങ്ങൾ** തമ്മിൽ തമ്മിൽ പങ്കിട്ടുകൊണ്ട് ഒരു മനസ്സോടെ എല്ലാ കാര്യങ്ങളിലും സംബന്ധിക്കണം. ഉദാഹരണമായി ന്യായാധിപന്മാരുടെ പുസ്തകത്തിൽ 13-ാം അദ്ധ്യായത്തിൽ നാം ശിംശോന്റെ

ജനനത്തെപ്പറ്റി ദൈവദൂതൻ ദർശനമായി പറഞ്ഞതിനെ ക്കുറിച്ച് 3–ാം വാകൃത്തിൽ വായിക്കുന്നു. കർത്താവിന്റെ ദൂതൻ ആ സ്ത്രീയ്ക്ക് പ്രത്യക്ഷനായി അവളെ നോക്കി **പ്രസവിയ്ക്കാത്ത മച്ചിയായ നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അതുകൊണ്ട് നീ വീഞ്ഞും മദ്യവും കുടിക്കരുത് അശുദ്ധമായതൊന്നും നീ തിന്നാതെ ജാഗ്രതയായിരിക്കേണം** എന്ന് പറഞ്ഞ്, ശിംശോനേ പറ്റി ചില കാര്യങ്ങളെ ശിംശോന്റെ അമ്മയ്ക്ക് മാത്രം ദൈവം വെളിപ്പെടുത്തി.

എന്നാൽ നാം 6–ാം വാകൃത്തിൽ വായിക്കുമ്പോൾ അപ്പോൾ **ആ സ്ത്രീ തന്റെ ഭർത്താവിന്റെ അടുത്തുവന്ന് ദൈവമനുഷ്യൻ ഒരുവൻ എന്റെ അടുക്കൽ വന്നു. അവന്റെ രൂപം ദൈവദൂതനെ പോലെ മഹാ ഭയങ്കരനായിരുന്നു. എവിടെ നിന്നു വന്നു എന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചില്ല** അവൻ **തന്റെ നാമത്തെ എന്നോടു പറഞ്ഞതുമില്ലാ** എന്നു അവൾ പറഞ്ഞു. **നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും** എന്നു ദൈവദൂതൻ പറഞ്ഞത് അങ്ങനെ തന്നെ തന്റെ ഭർത്താവിനോട് പറഞ്ഞു.

ഇതിൽ നിന്ന് നാം മനസ്സിലാക്കുന്ന പാഠം എന്തെന്നാൽ ഭാര്യയ്ക്കു ദൈവദൂതൻ ഈ കാര്യത്തെ വെളിപ്പെടുത്തിയപ്പോൾ അവൾ ഓടി പോയി തന്റെ ഭർത്താവായ മാനോഹയുടെ അടുത്ത് അതിനെ കുറിച്ച് പറഞ്ഞു. രണ്ടുപേരും ഒന്നിച്ചു ദൈവത്തിന്റ പദ്ധതി എന്തെന്ന് മനസ്സിലാക്കാൻ ആഗ്രഹിച്ചു. ആ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ദൈവദൂതൻ വീണ്ടും പ്രത്യക്ഷപ്പെട്ട് മനോഹയുടെ അടുത്ത് അതേക്കുറിച്ച് സംസാരിച്ചു. അതുകൊണ്ട് മനോഹയും, അവന്റെ ഭാര്യയും ഒരുമിച്ച് കാര്യങ്ങൾ പങ്കിട്ടത് നമുക്കിവിടെ കാണാൻ കഴിയും.

ക്രിസ്തുവിൽ പ്രീയമുള്ളവരെ ഒരു പക്ഷേ ദൈവദൂതൻമാരോ ദൈവവേലക്കാരോ നിങ്ങളുടെ അടുക്കൽ വന്ന് ചില കാര്യങ്ങൾ സംസാരിക്കുകയാണെങ്കിൽ അത് ഉടനെ തന്നെ ദൈവ വിശ്വാസമുള്ള നിന്റെ ഭാര്യയോട്, അല്ലെങ്കിൽ നിന്റെ ഭർത്താവിനോട് ആലോചിച്ച് തീരുമാനം എടുക്കുമ്പോൾ ഭാര്യ–ഭർത്താവിന്റെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതെ **തെളിവായ തീരുമാനങ്ങൾ** നിങ്ങൾക്ക് എടുക്കാൻ കഴിയും.

മനോഹയും അവന്റെ ഭാര്യയും അതിന് ഒരു നല്ല മാതൃകയായി വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നത് നമുക്ക് കാണാൻ കഴിയും.

എന്നാൽ ഇങ്ങനെയുള്ള നല്ല കുടുംബത്തിൽ നിന്നും വന്ന ശിംശോന്റെ ജീവിതത്തിൽ കാണപ്പെട്ട ഒരു പ്രശ്നം എന്തെന്നാൽ അവന്റെ കുടുംബത്തോട് അവന് ശരിയായ ബന്ധമില്ലാതെ പോയി.

**എന്റെ ജീവിതം എന്റെ ഇഷ്ടപ്രകാരം ഞാൻ ചെയ്യും** എന്ന് പറഞ്ഞു അവന്റെ കാര്യങ്ങളെ ചെയ്യാൻ തുടങ്ങി. എന്നാൽ മാതാപിതാക്കൾ അതിനെ (എതിർത്തതായി) ഗുണദോഷിച്ചതായി അവിടെ കാണുന്നില്ല. ഇതിനെക്കുറിച്ച് ന്യായാധിപന്മാർ 14–ാം അദ്ധ്യായത്തിൽ വായിക്കുന്നു. **ശിംശോൻ തിംനയിൽ പോയി തിംനയിലെ ദൈവം വെറുക്കുന്ന വിഗ്രഹാരാധികളുടെ കൂട്ടത്തിൽ ഫെലിസ്ത്യരുടെ മക്കളിൽ ഒരു പെണ്ണിനെ കണ്ട് തിരിച്ചുവന്ന് തന്റെ അപ്പനേയും, അമ്മയേയും നോക്കി. തിംനയിലെ ഫെലിസ്ത്യരുടെ മക്കളിൽ ഒരു പെണ്ണിനെ കണ്ടു, അവളെ എനിയ്ക്ക് ഭാര്യയായി എടുക്കണം എന്നു പറഞ്ഞു വാക്യം 1,2.**

## ശിംശോന്റെ ജീവിതത്തിന്റെ സിദ്ധാന്തം എന്ത്?

**ഞാൻ കണ്ടു, ഇഷ്ടപ്പെട്ടു, എനിക്കതു വേണം,** എന്നതാണ്. നിങ്ങളുടെ ആലോചന എനിയ്ക്ക് ആവശ്യമില്ല. ഇതുതന്നെയല്ലേ ഇന്നത്തെ യൗവ്വനക്കാരുടെ ജീവിതത്തിലും കണ്ടുവരുന്നത്. **ഞാൻ കണ്ടു, അതെനിക്ക് ഇഷ്ടപ്പെട്ടു, അതെനിക്കുവേണം,** അവളെ എനിക്ക് കിട്ടണം.

അതായത് എനിക്ക് **കല്യാണം** കഴിക്കണം എന്നു പറഞ്ഞ് അപ്പനേയും അമ്മയേയും പെണ്ണുകാണാൻ വിളിക്കുന്നു. ഇതിൽ ഈ **ആത്മീയ മാതാപിതാക്കൾ ചെയ്ത തെറ്റെന്താണ്?** ഇവർ ദൈവത്തെ നന്നായി അറിഞ്ഞ മാതാപിതാക്കളാണ്. ദൈവത്തോട് അടുത്തു ബന്ധമുള്ളവരായിരുന്നു. പ്രസവിക്കും മുമ്പേ മകൻ കർത്താവിന്റെ വേലയ്ക്ക് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെന്ന് അറിഞ്ഞിരുന്നു. **ദൈവം വെറുക്കുന്ന വിഗ്രഹാരാധനക്കാരുടെ** ദേശത്തിലേയ്ക്ക് അവൻ പോകുമ്പോൾ തന്നെ മാതാപിതാക്കളായ **ഇവർ മുന്നറിയിപ്പ്** കൊടുക്കേണ്ടിയിരുന്നില്ലേ. മാത്രമല്ല അവിടെ ഒരു പെണ്ണിനെ ഞാൻ കണ്ടു പെണ്ണിനെ കല്യാണം കഴിക്കാൻ എന്റെ കൂടെ ആ ദേശത്തിലേയ്ക്ക് വരണം എന്ന് അവൻ പറഞ്ഞപ്പോൾ, വേണ്ടാ

മകനെ **ദൈവം വെറുക്കും,** അങ്ങനെയുള്ള കുടുംബ ബന്ധം നിനക്ക് വേണ്ട കൂടാതെ ഇണയില്ലാ പിന്നെ കൂടരുത് എന്നുള്ളത് **ദൈവത്തിന്റെ കല്പനയാണ്. വിശ്വാസികൾ വിശ്വാസികളോട്,** കൂടെ മാത്രം ചേർക്കപ്പെടണം എന്നു പറഞ്ഞ് മാതാപിതാക്കൾ അവനെ തടഞ്ഞു നിർത്താമായിരുന്നു. യേശു പറഞ്ഞു ഒരുത്തൻ തന്റെ മകനേയോ മകളേയോ മാതാപിതാക്കളേയോ **എന്നെക്കാൾ അധികമായി സ്നേഹിക്കുന്നു** എങ്കിൽ അവൻ എനിയ്ക്ക് യോഗ്യനല്ല അതായത് ദൈവത്തേക്കാൾ അധികമായി ഒന്നിനെയും സ്നേഹിക്കാൻ പാടില്ല. **ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കണം.**

ഇവിടെ മാതാപിതാക്കൾ മകനെ അധികം സ്നേഹിച്ചു. **മകന്റെ തെറ്റായ ആഗ്രഹത്തെ** നിറവേറാൻ മാതാപിതാക്കളും സമ്മതിച്ചു. ദൈവത്തിന്റെ ആലോചനയെ **മകന്റെ മേലുള്ള സ്നേഹത്താൽ** അലക്ഷ്യമാക്കി. ഇന്നത്തെ മാതാപിതാക്കൻമാർക്ക് ഇതൊരു പാഠമായിരിക്കട്ടെ.

മകനോ മകളോ സാക്ഷ്യമില്ലാത്ത (ശരീരത്തോട് ഒട്ടിക്കിടക്കുന്ന) **ലെഗിൻസ്** പോലുള്ള വസ്ത്രങ്ങൾ **അണിയാൻ പാടില്ല.** ആൺകുട്ടികൾ **തലമുടി** മുള്ളൻ പന്നിയെ പോലെ വളർത്തുക ഇങ്ങനെയുള്ള പല സാക്ഷ്യമില്ലാത്ത ആശകളെ മകനുവേണ്ടിയും, മകൾക്കു വേണ്ടിയും മാതാപിതാക്കൾ ചെയ്തുകൊടുത്ത് **മകനെയും, മകളെയും നഷ്ടപ്പെട്ട് വേദനപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്രകാരം അവൻ (ശിംശോൻ) തീരുമാനിച്ചതു പോലെ** വിവാഹം നടന്നു. നടന്നതിനുശേഷം അവൻ വെളിയിൽപോയി ചില മാസങ്ങൾ കഴിഞ്ഞ് തിരികെ വന്ന സമയത്ത് ആ പെണ്ണിനെ അവന്റെ അമ്മായിയപ്പൻ **അവന്റെ സ്നേഹിതന് ഭാര്യയായി കൊടുത്തു.** ഇപ്പോൾ ഇതിന് എന്ത് മറുപടി പറയുന്നു. എന്നാൽ “നീ മാസങ്ങളായി വീട്ടിലേയ്ക്ക് വരാത്തതു കൊണ്ട് നീ അവളെ വെറുത്തു എന്ന് ഞങ്ങൾ കരുതി അവളെ വെറൊരുത്തനു കൊടുത്തു” എന്നു അവർ പറഞ്ഞു.

അങ്ങനെയാണെങ്കിൽ ഇവിടെ നാം കാണുന്നതെന്താണ്? **ശിംശോന്റെ ജീവിതത്തിൽ ശിംശോനും, അവന്റെ ഭാര്യയ്ക്കും ശരിയായ ബന്ധം ഇല്ലായിരുന്നു.** ഞാൻ കണ്ടു, ഞാൻ ഇഷ്ടപ്പെടുന്നു. അവളെ എനിയ്ക്ക് വേണം എന്നു പറഞ്ഞു അവൻ ആഗ്രഹിച്ച വിവാഹം അത് ഒരു ദിവസം കൊണ്ട് നടന്ന സംഭവമാണ്. പിന്നീട് നടന്ന സംഭവങ്ങൾ മറ്റുള്ളവർ അവനോട് പറഞ്ഞത് നീ **അവളെ വെറുത്തു** എന്നു **ഞങ്ങൾ വിചാരിച്ചു.**

എന്തുകൊണ്ടാണ് അവർ അങ്ങനെ കരുതിയത്? ഒരു കാരണവുമില്ലാതെ അങ്ങനെ പറയാൻ സാധ്യതയില്ല പലകാലങ്ങളായി തന്റെ ഭാര്യയെ കാണാൻ പോയില്ല. അവന്റെ ഇഷ്ടപ്രകാരം ഭാര്യയെ കിട്ടി, ശാരീരികമായി സുഖം അനുഭവിച്ചു അതിനുശേഷം ശാരീരികമായ സുഖത്തിൽ താത്പര്യകുറവ് ഉണ്ടായതിനുശേഷം **ഭാര്യയോട് കൂടെയുള്ള ബന്ധം അവസാനിപ്പിച്ചു.** അതുകൊണ്ടാണ് **നീ അവളെ വെറുത്തു** എന്നു ഞങ്ങൾ കരുതി എന്നു അവർ പറഞ്ഞത്.

അതുകൊണ്ട് നമ്മുടെ ജീവിതത്തിലും ഞാൻ കണ്ടു എനിയ്ക്കു അവളെ കിട്ടണം എന്ന് അവന്റെ കൊതിയുടെ അടിസ്ഥാനത്തിൽ വിവാഹത്തെ നടത്താൻ പാടില്ല. ദൈവഹിതത്തെ നാം മനസ്സിലാ ക്കണം. ഇവിടെ നാം വായിക്കുന്ന ഒരു വചനം ഇത് ദൈവം അനുവദിച്ച ഒരു കാര്യം (എന്നാൽ ദൈവം ഇഷ്ടപ്പെട്ട കാര്യമല്ല) എന്നത് അവന്റെ മാതാപിതാക്കൾ അറിഞ്ഞിട്ടില്ലായിരുന്നുവെന്ന് കാണാം. അങ്ങനെ യാണെങ്കിൽ ചിലർ പറയും ഈ ഫെലിസ്ത്യ സ്ത്രീയെ അവൻ വിവാഹം ചെയ്തത് ദൈവഹിതം അല്ലേ? പിന്നെ എന്തുകൊണ്ട് ദൈവം അവനെ തടസ്സപ്പെടുത്തിയില്ല എന്നു ചോദിക്കും. നാം നമ്മുടെ ഇഷ്ടപ്രകാരം ഞാൻ കണ്ടു, അവളെ തന്നെ എനിയ്ക്കു വേണം എന്ന് എന്റെ **ആഗ്രഹത്തിൻപ്രകാരവും ഇച്ഛയിൻപ്രകാരവും ദൈവത്തിനെ തിരായി** പ്രവർത്തിച്ചാൽ ദൈവം എന്തു പറയും?

**നിന്റെ ഇഷ്ടപ്രകാരം നിന്നെ വിട്ടിരിക്കുന്നു.** എന്തു കൊണ്ടെന്നാൽ **നീ യന്ത്രമല്ല, നീയൊരു മനുഷ്യനാകുന്നു.** ഈ വിഷയത്തിൽ ദൈവമേ നിന്റെ ഹിതമെന്താണ് എന്ന് ചോദിച്ച് ചെയ്തിരുന്നാൽ ഇത്രയും പ്രശ്നങ്ങൾ ഉണ്ടാകുകയില്ലായിരുന്നു. ഇപ്പോൾ നീ തന്നെ തീരുമാനിച്ചു അതുകൊണ്ട് നിന്നെ ഞാൻ നിയന്ത്രിക്കുന്നില്ല. നിന്റെ ഇഷ്ടപ്രകാരം നിന്നെ വിട്ടിരിക്കുന്നു. ഇതാണ് ദൈവം മനുഷ്യനുതന്ന (Free will) സ്വാതന്ത്രം. നല്ലത് നടന്നാൽ നല്ലത് അനുഭവിയ്ക്കാൻ കഴിയും തെറ്റായത് നീ തിരഞ്ഞെടുക്കുമ്പോൾ ഞാൻ അത് തടസ്സപ്പെടുത്തില്ല. നേരത്തെ ഞാൻ എന്റെ ഹിതത്തെ നിനക്കറിയിച്ചു. നീ അത് അലക്ഷ്യപ്പെടുത്തിയെന്നാലും ഞാൻ എന്റെ വേല നിറവേറ്റും. എന്നാൽ അതിനുശേഷം വരുന്ന ഫലം നീ അനുഭവിക്കണം. അത് എന്റെ

കുറ്റമല്ല എന്നു ദൈവം പറയും. **എന്നാൽ അതേ സമയം** നിന്നെ കൊണ്ട് എന്റെ (ദൈവത്തിന്റെ) ഉദ്ദ്യേശത്തെ അതേ വഴിയിൽ ഞാൻ നിറവേറ്റും. ദൈവത്തെ നമുക്ക് മാറ്റാൻ കഴിയില്ല. ഈ അർത്ഥത്തിലാണ് നാം കാണേണ്ടത്.

ഇംഗ്ലീഷിൽ ഇതിനെക്കുറിച്ച് പറയുകയാണെങ്കിൽ It was not the perfect will of God: it was the permissive will of God. ശിംശോൻ തിരഞ്ഞെടുത്തത് ശിംശോന്റെ ജീവിതത്തിൽ ദൈവം വച്ചിരുന്ന പരിപൂർണ്ണമായ ഹിതമല്ല. എന്നാൽ ദൈവം അനുവദിച്ച ഹിതമാണ്. അങ്ങനെയെങ്കിൽ എന്താണർത്ഥം. അവനെ മനുഷ്യനായി സൃഷ്ടിച്ചതുകൊണ്ട് **നിന്റെ ഇഷ്ടപ്രകാരം ചെയ്യാൻ** നീ ആഗ്രഹിക്കുന്നു! ചെയ്തോളൂ: **അതിന്റെ ഫലം നീ കൊയ്യും.** എന്നാലും എന്റെ ഉദ്ദേശത്തെ ഞാൻ നിറവേറ്റും. ഫെലിസ്ത്യരുടെ കയ്യിൽ നിന്ന് എന്റെ ജനനത്തെ വിടുവിപ്പാൻ **ഞാൻ ഈ സംഭവത്തെ ഉപയോഗിക്കും** എന്നു ദൈവം പറയുന്നു. ഈ അർത്ഥത്തിലാണ് ഈ വചനത്തെ നാം മനസ്സിലാക്കേണ്ടത്.

എന്നാൽ **ശിംശോന്റെ ജീവിതത്തിൽ ഭാര്യയെ** അവൻ വെറുത്തു എന്നാണ് മറ്റുള്ളവർ കരുതിയത്; ശിംശോനെ പ്രത്യക്ഷത്തിൽ നിങ്ങൾ നോക്കുകയാണെങ്കിൽ അവൻ ഒരു വലിയ ദൈവ മനുഷ്യൻ, ശിംശോനെക്കുറിച്ച് നാം വേദപുസ്തകത്തിൽ തുടർന്ന് വായിക്കുന്ന കാര്യം അവൻ (ശിംശോൻ) അവിടെ ചെന്നു. ദൈവത്തിന്റെ **പരിശുദ്ധാത്മാവ് അവന്റെ മേലിറങ്ങി ശക്തമായി പ്രവർത്തിച്ചു** അവൻ മറ്റൊരു സ്ഥലത്തു ചെന്നു **ദൈവത്തിന്റെ ആത്മാവ് അവന്റെ മേൽ ഇറങ്ങി അവിടെ അവൻ ശക്തമായ കാര്യങ്ങൾ ചെയ്തു** എന്നു കാണുന്നു. എന്നാൽ രണ്ടിനും ഇടയിലുള്ള കാലങ്ങളിൽ അവൻ അവിടെ പോയി **ഒരു പെണ്ണിനെ കണ്ടു** എന്നും **ഒരു വേശ്യയെ കണ്ടു** എന്നും വായിക്കുന്നു. ജീവിതത്തിൽ വിശുദ്ധമില്ല, കുടുംബ ജീവിതത്തിൽ സാക്ഷിയില്ല. എന്നാൽ ദൈവവേലയിൽ പ്രത്യേകമായി ശക്തമായ പ്രവർത്തനം. എന്നാൽ **ജീവിതത്തിൽ വിശുദ്ധിയില്ലല്ലോ!** അതുകൊണ്ടാണ് ആ കുടുംബത്തിൽ പ്രശ്നങ്ങൾ വന്നത്.

- ☐ നമ്മുടെ ജീവിതത്തിൽ ദൈവഹിതം മനസ്സിലാക്കി നാം പ്രവർത്തിക്കണമെങ്കിൽ തമ്മിൽ ഐക്യമാക്കപ്പെട്ട് ഒരുമിച്ച് പ്രവർത്തിയ്ക്കണം. ഒരുമിച്ച് പങ്കിട്ടുകൊള്ളണം, മറ്റുള്ളവരെ വെറുക്കാതെ ദൈവഹിതത്തെ നിറവേറ്റുന്നതിന് വേണ്ടി നിങ്ങളെ സമിർപ്പിക്കണം. എല്ലാ

കാര്യങ്ങളും ചിന്തിച്ച് പ്രവർത്തിക്കുന്ന ഭാഗ്യത്തെയും, ജ്ഞാനത്തേയും ഗുണങ്ങളേയും കർത്താവു തരുവാനായി പ്രാർത്ഥിക്കുവിൻ.

**ജാമക്കാരന്റെ കുറിപ്പ്:** യൗവ്വനക്കാർക്ക് ഈ ആലോചന പ്രയോജനമായിരിക്കും. മക്കളെ പ്രസവിച്ച ആത്മീയ മാതാപിതാക്കൾക്കും ദൈവദാസൻമാർക്കും ഇതിൽ നല്ല വാർത്തകളും ആലോചനകളും ഉണ്ട്. നിങ്ങളുടെ മക്കളെ അളവിലധികം ലാളിക്കരുത്. സ്നേഹത്തോടും, ചിട്ടയോടും വളർത്തുക.

യൗവ്വനക്കാരും **കർത്താവെ നിന്റെ ഇഷ്ടം ചെയ്യാൻ എനിക്കു ഉപദേശിച്ചു തരേണമേ** എന്ന് ദാവീദു പ്രാർത്ഥിച്ചതുപോലെ (സങ്കീ: 143:10) നിങ്ങളുടെ ഓരോ കാര്യങ്ങളിലും കർത്താവിനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങളെ ചെയ്യാൻ **ദൈവസഹായത്തെയും ആലോചനയും ചോദിക്കുവിൻ.**


**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)**

| | |
|---|---|
| 1. Title of the news paper | : **JAMAKKARAN** |
| 2. Language(s) in which it is published | : **TAMIL / MALAYALAM** |
| 3. Place of publication : | 89,Majeeth Street, Old Suramangalam, Salem - 636 005. |
| 4. Periodicity of its publication : | Monthly |
| 5. Printer's name | : M.Velu |
| (whether citizen of India) | : Indian |
| Address : | P.M.Press 168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : Indian |
| address | 89,Majeeth Street, Old Suramangalam. Salem - 636 005 |

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated: 10-2-2020
Salem - 5

*Sd.* **Dr. M.G.E. PUSHPARAJ**
Signature of Publisher & Editor

## ജാമക്കാരൻ വേണ്ട

- ☐ ജാമക്കാരൻ നിങ്ങൾക്കു പ്രയോജനമില്ലെങ്കിലോ
- ☐ ജാമക്കാരൻ മാസിക വായിക്കുന്നത് നിങ്ങളുടെ സഭാ പാസ്റ്ററോ, അച്ചനോ, ബിഷപ്പോ ഇഷ്ടപ്പെടാതെ അതു കാരണം നിങ്ങൾക്ക് പ്രശ്നം വരും എന്നു തോന്നിയാൽ
- ☐ ജാമക്കാരൻ ഉപദേശ വിഷയത്തിൽ നിങ്ങളെ കുഴപ്പത്തിൽ ആക്കുന്നു എന്നു കരുതിയാൽ അഥവാ നിങ്ങളുടെ വിശ്വാസ ത്തിനു തടസ്സമായിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞാൽ
- ☐ വളരെ പ്രത്യേകമായി ജാമക്കാരനായ ഞാൻ (ഡോ. പുഷ്പരാജ്) എഴുതുന്ന വിഷയങ്ങളിലും വാർത്തകളിലും വ്യാജമോ കള്ളമോ ഉണ്ടെന്നറിഞ്ഞാൽ

ഉടൻ തന്നെ നിങ്ങൾക്കു പോസ്റ്റിൽ വരുന്ന ജാമക്കാരൻ കവറിന്റെ മേലെ **REFUSED or RE-DIRECTED** എന്നു എഴുതി സ്റ്റാംപ് ഒട്ടിക്കാതെ തന്നെ പോസ്റ്റ് ബോക്സിൽ ഇട്ടാൽ മതി. അതിനുശേഷം ജാമക്കാരൻ മെയിലിംഗ് ലിസ്റ്റിൽ നിന്നും നിങ്ങളുടെ അഡ്രസ്സ് നീക്കും. അതിനുശേഷം ജാമക്കാരൻ നിങ്ങളെ ശല്യപ്പെടുത്തുകയില്ല.

**FEBRUARY - 2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription :**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.